പ്രോജക്ട്സ് II

കേന്ദ്ര വിഹിതത്തിന് അനുസൃതമായി, പദ്ധതിയുടെ സ്വഭാവമനുസരിച്ച്, സംസ്ഥാന വിഹിതവും വകയിരുത്തേണ്ടതുണ്ട്.

ഭൂജല വകുപ്പ്

ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കുവേണ്ടി പദ്ധതി തുക 40 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സർക്കാർ വിഹിതം 25% ആണ്.

കുട്ടനാട് പാക്കേജ്

ഈ സ്കീമിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതിക്ക് 50% സംസ്ഥാന വിഹിതം ആവശ്യമാണ്.

കാഡ

നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതവും ഡി.എ.ഡി.ഡബ്ല്യു.എം. മാർഗ്ഗരേഖകളും പ്രകാരം ഓരോ കാഡ പദ്ധതിയിലും പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാഞ്ഞിരപ്പുഴ- 76.85 ലക്ഷം

കുറ്റ്യാടി - 182.35 ലക്ഷം

കടിവെള്ള സ്രോതസ്സുകൾ

7 (*367) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിവെള്ള സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതു പുറപ്പെടുവിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകൾക്കും ഏജൻസികൾക്കുമാണ് ഇതു സംബന്ധിച്ച നിർദ്ദേശം നൽകിയിട്ടുള്ളത് ;

(സി) ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മോണിറ്ററിംഗിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്. ജലസ്രോതസ്സുകളെ ആധുനിക ഖനസമൂഹം നിർദാക്ഷണ്യം ചൂഷണം ചെയ്യുന്നതായും നദികളുടേയും ജലാശയങ്ങളുടേയും ശുചീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യാതൊരു കർമ്മ പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കാറില്ലെന്നും കേരളത്തിൽ ഒരു ജലസംസ്കാരം ഉണ്ടാകാത്തതിനെപ്പറ്റിയും കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ചൂണ്ടിക്കാട്ടിയിരുന്നു.

ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി വിവിധ സ്ഥാപനങ്ങൾ/ഏജൻസികൾ/ സെല്ലുകൾ എന്നിവയുടെ ഏകോപിത പ്രവർത്തനങ്ങളുടെ അഭാവം ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് വിഘാതമാകുന്നുണ്ടെന്നകാര്യവും മലിനീകരണവും ജലചൂഷണവും തുടർന്നാൽ ജീവജല ലഭ്യത ഇല്ലാതാകുന്ന വിപത്ത് ഒഴിവാക്കേണ്ടതുള്ളതു് മുന്നിൽ കണ്ടും സർക്കാർ സംഘടിപ്പിച്ച ശില്പശാലകളുടെയും നിയമസഭാതലത്തിൽ നടന്നിട്ടുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണം ഉറപ്പാക്കുന്നതിനായുള്ള സർക്കാർ ഉത്തരവ് സ.ഉ.അച്ചടി നം.16/14/പരിസ്ഥിതി തീയതി 12-12-2014 പുറപ്പെടുവിച്ചിട്ടുള്ളതു്.

(ബി) തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ആരോഗ്യ വകുപ്പ്, പോലീസ് വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്കാണ് നിർദ്ദേശം നൽകിയിട്ടുള്ളതു്.

(സി) പ്രാദേശികതലത്തിൽ ഗ്രാമപഞ്ചായത്തുകൾതന്നെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നേതൃത്വം നൽകണമെന്നും അതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, സന്നദ്ധ സംഘടനകൾ എന്നിവരെ ഏകോപിപ്പിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഏജ് ഹാൾട്ട് പദ്ധതി

8 (*368) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ടി.ഡി.സി. ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly